**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്താഫീസിൽ ഹെഡ് ക്ലാർക്കായിരിക്കെ മരണമടഞ്ഞ കെ.ടി.ജോർജ്ജ് എന്നവരുടെ ആശ്രിതനും മകനുമായ ശ്രീ. അമൽ ജോർജ്ജിന് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(എം.എസ്) നം. **179/2016/**തസ്വഭവ. തീയതി, തിരുവനന്തപുരം, **25.11.2016**

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ശ്രീ.അമൽ ജോർജ്ജിന്റെ (കുന്നത്ത് ഹൗസ്, കായലുംമ്പാറ പി.ഒ, കണ്ണൂർ- 670632) 14/08/2013 ലെ അപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 10/06/2015 ലെ ഇ 3-1439/14 നമ്പർ കത്ത്.
4) കണ്ണൂർ ജില്ലാ കളക്ടറുടെ 22/03/2016 ലെ DCKNR/2607/2016-A2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്താഫീസിൽ ഹെഡ് ക്ലാർക്കായിരിക്കെ മരണമടഞ്ഞ കെ.ടി. ജോർജ്ജ് എന്നവരുടെ ആശ്രിതനും മകനുമായ ശ്രീ. അമൽ ജോർജ്ജിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചു.

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്താഫീസിൽ ഹെഡ് ക്ലാർക്കായിരിക്കെ **05/07/2007** ലാണ് കെ.ടി. ജോർജ്ജ് നിര്യാതനാവുന്നത്. പരേതനായ കെ.ടി. ജോർജ്ജിന് 20 വർഷവും 05 മാസവും 13 ദിവസവും സേവനകാലമുണ്ട്. അപേക്ഷകനായ ശ്രീ. അമൽ ജോർജ്ജ് പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 21/12/1994 ആണ്. 22 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കണ്ണൂർ ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാന് അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

(മറുപുറം...)

അപേക്ഷയോടൊപ്പം പരേതനായ കെ.ടി. ജോർജ്ജിന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 5,82,456/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കണ്ണൂർ ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്താഫീസിൽ ഹെഡ് ക്ലാർക്കായിരിക്കെ മരണമടഞ്ഞ കെ.ടി. ജോർജ്ജിന്റെ ആശ്രിതനും മകനുമായ ശ്രീ. അമൽ ജോർജ്ജ്, കുന്നത്ത് ഹൗസ്, കായലുംമ്പാറ പി.ഒ, കണ്ണൂർ- 670632 – ന് പരാമർശം (1) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ കെ.ടി. ജോർജ്ജിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ. എം.കെ**
**ഗവ. ജോയിന്റ് സെക്രട്ടറി**

ശ്രീ. അമൽ ജോർജ്ജ്, കുന്നത്ത് ഹൗസ്. കായലുംപാറ, കണ്ണൂർ ജില്ല. പിൻ 670 632
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
ജില്ലാ കളക്ടർ, കണ്ണൂർ.
സെക്രട്ടറി, നടുവിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നം.473/ഇപിഎ 3/15/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ